## പലതരത്തിലുള്ള ചീരകൾ





പഴങ്ങൾ
പച്ചക്കറികൾ





# എന്റെ കേരളം - പ്രദർശന വിപണനമേള

പിണറായി സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് *എന്റെ കേരളം* എന്ന പേരിൽ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ നടന്ന പ്രദർശന വിപണനമേളയിൽ എല്ലാ ഡിപ്പാർട്ട്മെന്റുകളും സ്റ്റാൾ ഒരുക്കിയിരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്റ്റാളിൽ എല്ലാദിവസവും പരിപാടികൾ അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾ ഉണ്ടായിരുന്നു എന്നത് അഭിമാനകരമായ നേട്ടമാണ്. ഹെഡ്മിസ്ട്രെസ്, അധ്യാപകർ എന്നിവർക്കൊപ്പം പി ടി എ അംഗങ്ങളും നിത്യവും അനുഗമിച്ചിരുന്നു

**Jayaprakash Thenenjeri**

May 1 ·

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അന്വർത്ഥമാക്കിയ മണിയമ്മ ടീച്ചർ. രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികത്തിൽ കുട്ടികളുടെ മികവുകൾ അവതരിപ്പിച്ച് , സന്ദർശകാരോട് സംവദിക്കാനും, അവർക്ക് കൊടുക്കാൻ കൈനിറയെ സമ്മാനങ്ങളുമായും ടീച്ചർ കുട്ടികളോടൊപ്പം ദിവസവും സ്റ്റാളിലെത്തുന്നു.

ഈ ആത്മാർത്ഥതയും, സന്നദ്ധതയും തന്നെയാണ് മോയൻ എൽ പി എസ്സിനെ ഇന്നത്തെ നിലയിലേക്ക് ഉയർത്തിയത്. റിട്ടയർമെന്റിന്റെ ഈ അവസാനമാസത്തിലും പൊതുവിദ്യാലയത്തോട് വിട്ടുവീഴ്ചയില്ലാത്ത ആത്മാർത്ഥത കാണിക്കുന്ന ടീച്ചർക്ക് പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ **അഭിനന്ദനങ്ങൾ**.




എന്റെ കേരളം
വിപണന മേള
പാനമികവിനായി
ത്യേകപരിപാടികൾ

# വിവിധ പഠന സൗകര്യമൊരുക്കലിൽ രക്ഷിതാക്കൾ

ക്ലാസ് ലൈബ്രറി ഓരോ ക്ലാസിലേയും നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഒരുക്കി ക്ലാസ് ലൈബ്രറി, ശാസ്ത്രലാബ്, ഗണിതലാബ് പഠനോപകരണ നിർമ്മാണം എന്നിവയിൽ സഹായിക്കൽ, പ്രസിദ്ധീകരണങ്ങൾ ബാലമാസികകൾ, പത്രം എന്നിവയിൽ സഹായിക്കൽ , പ്രദർശനത്തിനാവശ്യമായ വസ്തുക്കൾ ഒരുക്കാൻ സഹായിക്കൽ എന്നിവയും , രക്ഷിതാക്കൾ ചെയ്തുവരുന്നു.

ഇതിനു പുറമേ മോയൻ എൽ പി യിലെ PTA യുടെ പ്രത്യേക ഇടപ്പെടലിൽ ആണ് സ്കൂളിലെ ക്ലാസ് റൂം അപര്യാപ്തത പരിഹരിക്കുവാനും മറ്റുമായി സ്കൂളിനോടു ചേർന്നു കിടക്കുന്ന റവന്യൂവകുപ്പിന്റെ 0.1214 ഹെക്ടർ (35 സെന്റ്) സ്ഥലം സ്കൂളിന് വിട്ടു തരുവാൻ ആവശ്യപ്പെട്ടു കൊണ്ട് PTA അംഗങ്ങൾ മുന്നോട്ട് വരികയും പത്രങ്ങളിലൂടെയും മറ്റ് ഇതുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ഇടപ്പെട്ടതിന്റെയും ഫലമായി ആ സ്ഥലം സ്കൂൾ വികസനത്തിനായി വിട്ടു കിട്ടിയത് ശക്തമായ PTA യുടെ സാന്നിധ്യം ഒന്നു കൊണ്ട് മാത്രമാണ്.


■ മോയൻ സ്കൂൾ വികസനം:

ഉടമസ്ഥാവകാശം റവന്യു വകുപ്പിൽ നിലനിർത്തി സ്ഥലം അനുവദിക്കാം

സ്ഥലം ലഭിച്ചാൽ


ഗവ. മോയൻ സ്കൂളിന് റവന്യു സ്ഥലം കിട്ടും

■ ഫയൽ ഉടൻ മുഖ്യമന്ത്രിക്കു കൈമാറുമെന്നു മന്ത്രി കെ. രാജൻ

മനോരമ impact

കാത്തിരുന്ന് കാത്തിരുന്ന്



മോയൻസ് സ്കൂൾ

## റവന്യു സ്ഥലം കൈമാറാമെന്നു ശുപാർശ

ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാമെന്നു പ്രതീക്ഷ









## പരീക്ഷ കഴിഞ്ഞിട്ടും യൂണിഫോം വിതരണം ചെയ്തില്ല

പാലക്കാട് ● ജില്ലയിലെ ഏറ്റവും കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന ഗവ. മോയൻ മോഡൽ ഗേൾസ് എൽപി സ്കൂൾ ഉൾപ്പെടെ ജില്ലയിലെ 5 സ്കൂളുകളിൽ അരക്കൊല്ല പരീക്ഷ കഴിഞ്ഞിട്ടും യൂണിഫോം വിതരണം ചെയ്തില്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫിസിലെ യൂണിഫോം വിതരണ ചുമതലയുള്ള ഉന്നത ഉദ്യോഗസ്ഥന്റെ പിടിവാശിയാണു യൂണിഫോം വിതരണം വൈകുന്നതെന്നു കെപിഎസ്ടിയു ജില്ലാ കമ്മിറ്റി ആരോപിച്ചു. ഈ സ്കൂളുകളിൽ ഉടൻ യൂണിഫോം വിതരണം ചെയ്യണമെന്നു വിദ്യാഭ്യാസ മന്ത്രി പ്രഫ. സി. രവീന്ദ്രനാഥ് നിർദേശിച്ചിട്ടും നടപടിയുണ്ടായില്ല. അതേ സമയം യൂണിഫോമിന്റെ തുക ഉദ്യോഗസ്ഥർ സർക്കാരിൽ നിന്നു കൈപ്പറ്റിയെന്നു വിവരാവകാശ രേഖകളിലുണ്ടെന്നു കെപിഎസ്ടിയു നേതാക്കൾ ആരോപിച്ചു.

ഗവ. മോയൻ എൽപി സ്കൂളിലെ 606 കുട്ടികൾക്കും ബിഇഎം എൽപി സ്കൂളിലെ 601 കുട്ടികൾക്കും ഉൾപ്പെടെ 1,815 കുട്ടികൾക്ക് യൂണിഫോം ലഭിക്കാനുണ്ട്. യൂണിഫോം വിതരണം അവസാനിച്ചുവെന്നാണു ഇപ്പോൾ അധികൃതരുടെ വിശദീകരണമത്രേ.

കോവിസിന് മുമ്പ് തന്നെ സ്കൂൾ നേരിട്ട ഏറ്റവും വലിയ പ്രശ്നമായിരുന്നു യൂണിഫോം ഇവിടത്തെ കുട്ടികൾക്ക് കിട്ടിയില്ല എന്നുള്ളത്. അക്കാര്യത്തിൽ ഒരു പരിഹാരം കാണാൻ PTA ക്ക് കഴിഞ്ഞു.

മോയൻ ഹൈസ്കൂളിനേയും മോയൻ എൽ പി സ്കൂളിനേയും പരസ്പരം ബന്ധിപ്പിക്കുന്ന നടപ്പാലത്തിന്റെ നിർമ്മാണത്തിനിടയിൽ എൽ പി സ്കൂളിന്റെ അടിത്തറയുടെ വശത്തോട് ചേർന്നു കുഴിയെടുത്തത് കെട്ടിടത്തിന്റെ ഉറപ്പിനെ ബാധിക്കുമെന്ന് തിരിച്ചറിഞ്ഞ PTA പ്രശ്നത്തിൽ ഇടപ്പെടുകയും ഇതേ തുടർന്ന് നടപ്പാലത്തിന്റെ പണി തൽക്കാലം നിർത്തിവയ്ക്കുകയും ചെയ്തു.

ഇത്തരത്തിൽ കുട്ടികളുടെ അക്കാദമിക അനക്കാദമിക കാര്യങ്ങളിൽ ഇടപ്പെട്ടുകൊണ്ട് തന്റെ ശക്തമായ സാന്നിധ്യം PTA എല്ലാക്കാലവും നിലനിർത്തുന്നു. ഇതാണ് മോയൻ എൽപിയെ മികച്ച സ്കൂൾ എന്ന തലത്തിലേക്ക് ഉയർത്തുന്നത്



പാലക്കാട് ഗവ. മോയൻ എൽപി സ്കൂൾ കെട്ടിടത്തിന്റെ അടിത്തറയോടു ചേർന്നുള്ള ഭാഗത്തെ മണ്ണു നീക്കിയ നിലയിൽ

# മോയൻ സ്കൂൾ: കുഴിയെടുപ്പ് തർക്കത്തിൽ

പാലക്കാട് • മോയൻ സ്കൂളുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നടപ്പാല നിർമാണത്തിനിടെ ഗവ. മോയൻ എൽപി സ്കൂളിൽ പുതിയ കെട്ടിടത്തിന്റെ അടിത്തറയുടെ വശത്തോടു ചേർന്നു കുഴിയെടുത്തതു വിവാദത്തിൽ. ഇതു കെട്ടിടത്തിന്റെ ഉറപ്പിനെ ബാധിക്കുമെന്ന് പിടിഎ ഭാരവാഹികൾ ചൂണ്ടിക്കാണിച്ചതോടെ പ്രവൃത്തി തൽക്കാലത്തേക്കു നിർത്തിവച്ചു.

എൽപി സ്കൂളിൽ 28 ലക്ഷം രൂപ ചെലവിൽ നിർമാണം പൂർത്തീകരിക്കുന്ന കെട്ടിടത്തിന്റെ അടിത്തറയോടു ചേർന്നാണു നടപ്പാലത്തിനായും അടിത്തറ നിർമിക്കുന്നത്.

ഈ പ്രവൃത്തിക്കായി ആഴത്തിൽ മണ്ണെടുത്തിട്ടുണ്ട്. കെട്ടിടത്തിന്റെ അടിത്തറയോടു ചേർന്നു മണ്ണെടുക്കുന്നത് സുരക്ഷാ ഭീഷണി സൃഷ്ടിക്കുമെന്ന് നഗരസഭാംഗം ആർ. ഉദയകുമാർ അറിയിച്ചു.തുടർന്നു നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എൻ. സ്വാമിദാസ് സ്കൂളിലെത്തി പരിശോധന നടത്തി.

സ്കൂൾ കെട്ടിടത്തിന്റെ അടിത്തറയോടു ചേർന്ന് കോൺക്രീറ്റ് ഭിത്തി നിർമിച്ചു സുരക്ഷ ഉറപ്പാക്കുമെന്ന് അദ്ദേഹം അറിയിച്ചു. 2 ദിവസത്തിനുള്ളിൽ നിർമാണം പുനരാരംഭിക്കും.

## നടപ്പാലം സുരക്ഷയ്ക്ക്

വിദ്യാർഥികൾക്കും യാത്രക്കാർക്കും സുരക്ഷിതമായി റോഡ് മുറിച്ചു കടക്കാനാണു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സമീപം പാതയ്ക്കു കുറുകെ നടപ്പാലം നിർമിക്കുന്നത്.

മോയൻ സ്കൂൾ ജംക്‌ഷൻ, ബിഇഎം സ്കൂൾ ജംക്‌ഷൻ, പിഎംജി ഹയർ സെക്കൻഡറി സ്കൂൾ, ഗവ. വിക്ടോറിയ കോളജ് എന്നിവിടങ്ങളിലാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭ നടപ്പാലം നിർമിക്കുന്നത്.



# ഗവ.മോയൻ എൽപി സ്കൂൾ: കെട്ടിട അടിത്തറ ബലപ്പെടുത്തി

മനോരമ impact

പാലക്കാട് • ഗവ.മോയൻ എൽപി സ്കൂളിൽ നടപ്പാലം വന്നിറങ്ങുന്ന ഭാഗത്തെ കെട്ടിടത്തിന്റെ അടിത്തറ കോൺക്രീറ്റ് ചെയ്തു ബലപ്പെടുത്തി. നടപ്പാലം നിർമാണത്തിനായി ഈ ഭാഗത്തു നിന്നു മണ്ണെടുത്തത് കെട്ടിട ഉറപ്പിനെ ബാധിക്കുമെന്നു പരാതിഉയർന്നതോടെയാണ് ഈ ഭാഗം കോൺക്രീറ്റ് ചെയ്തു ബലപ്പെടുത്തുന്നത്.

നടപ്പാലം നിർമാണം മോയൻ എൽപി സ്കൂളിലെ കെട്ടിടങ്ങളെ ഒരു തരത്തിലും ബാധിക്കില്ലെന്നും ഇക്കാര്യം സ്കൂൾ അധികൃതരെ അറിയിച്ചിരുന്നതായും നഗരസഭാധികൃതർ അറിയിച്ചു. ഗവ. മോയൻ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിനെയും ഗവ.മോയൻ എൽപി സ്കൂളിനെയും ബന്ധിപ്പിക്കുന്ന നടപ്പാലം പദ്ധതി തുടക്കം മുതൽ തടസ്സപ്പെടുത്താൻ ചിലർ ശ്രമിക്കുന്നതായും പരാതിയുണ്ട്.

നഗരത്തിൽ 4 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മുന്നിൽ നിർമിക്കുന്ന നടപ്പാലം പദ്ധതി വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചതായി നഗരസഭ ഉപാധ്യക്ഷൻ സി.കൃഷ്ണകുമാർ അറിയിച്ചു. മോയൻ എൽപി സ്കൂളിലെ കെട്ടിടം നഗരസഭ എൻജിനീയർ പരിശോധിച്ചിരുന്നതായും അദ്ദേഹം അറിയിച്ചു.

Mathrubhumi
മാതൃഭൂമി

## പ്രവേശന വണ്ടി...



മധ്യവേനലവധിക്കാലം കഴിഞ്ഞ് സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി അലങ്കരിക്കാനായി വീർപ്പിച്ച ബലൂണുകൾ കവാടത്തിലേക്ക് കൊണ്ടുപോകുന്ന അധ്യാപകരും വിദ്യാർഥികളും രക്ഷിതാക്കളും. പാലക്കാട് മോയൻ എൽ.പി. സ്കൂളിൽ നിന്നുള്ള ദൃശ്യം | ഫോട്ടോ: പി.പി. രതീഷ്

01/06/2022 PALAKKAD Pg 02

# കോവിഡാനന്തര ക്ലാസുകൾ

2021 നവംബർ ഒന്നാം തിയതി മുതൽ ഓഫ് ലൈൻ ക്ലാസുകൾ ആരംഭിച്ചു. 20 പേർ അടങ്ങുന്ന ബയോബബിൾ ഉൾപ്പെടെ സർക്കാർ പുറത്തിറക്കിയ മാർഗ്ഗരേഖ അനുസരിച്ച് ക്ലാസുകൾ ക്രമീകരിച്ചു. 65% കുട്ടികൾ ആദ്യഘട്ടത്തിൽ നേരിട്ടുള്ള ക്ലാസുകളിൽ എത്തി. മറ്റുള്ളവർക്കായി എല്ലാ ദിവസവും വൈകുന്നേരം 7 മണിക്ക് online ക്ലാസുകൾ നടത്തി.







ആദ്യ രണ്ടാഴ്ച ഉച്ച വരെ മാത്രം ക്ലാസ് നടത്തി. ഭക്ഷണം ടിഫൺ ബോക്സിൽ വച്ച് വീട്ടിലേക്ക് കൊടുത്തുവിട്ടു. സ്കൂൾ ഗേറ്റിൽ കുട്ടികളെ സ്വീകരിക്കുന്നതിൽ തുടങ്ങി ഭക്ഷണം പാചകം ചെയ്യുന്നതിലും വിളമ്പുന്നതിലുമെല്ലാം രക്ഷിതാക്കൾ സഹകരണം ഉണ്ടായിരുന്നു.












പ്രവേശനോത്സവ കാഴ്ചകൾ

ഡിസംബർ ആദ്യവാരം Brc പ്രതിനിധികൾ സ്കൂൾ സന്ദർശിച്ച് കുട്ടികളുടെ അക്കാദമിക് / സാമൂഹിക/ മാനസിക വശങ്ങൾ അവലോകനം നടത്തുകയും താഴെ പറയുന്ന അനുമാനത്തിൽ എത്തുകയും ചെയ്തു

പ്രതീക്ഷിക്കുന്നത്ര മാനസിക പ്രശ്നങ്ങൾ ഇല്ല.
അവർ സന്തോഷത്തിലാണ്
ഓഫ് ലൈൻ ക്ലാസുകളെ ഇഷ്ടപ്പെടുന്നു.
40% കുട്ടികൾ സ്കൂളിലെത്തിയിട്ടില്ല.

എന്നാൽ ബുദ്ധിപരമായ പിന്നോക്കാവസ്ഥയിൽ അല്ലെങ്കിലും online ക്ലാസുകളിൽ വേണ്ടത്ര ശ്രദ്ധ നൽകാത്തതുമൂലം കുട്ടികളിൽ പലരും 'പഠന വിടവ് ' അനുഭവിക്കുന്നുണ്ട്. ഇതിനായി താഴെ പറയുന്ന തീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിച്ചു.

## മലയാള തിളക്കം

മലയാള ഭാഷയിൽ പിന്നോക്കാവസ്ഥയിൽ ഉള്ള കുട്ടികൾക്കായുള്ള പ്രത്യേക പരിപാടി . തുടക്കത്തിലെ സന്നദ്ധത പ്രവർത്തനങ്ങൾക്കും പഠന പ്രവർത്തനങ്ങൾക്കും ശേഷം പഠന പിന്നോക്കാവസ്ഥയിലുള്ള വരെ തെരെ ഞ്ഞെടുത്ത് മലയാള തിളക്കം പരിശീലനം നൽകാൻ തുടങ്ങി. സ്കൂളിലെ പുതിയതായി വന്ന മലയാളതിളക്കം മോഡ്യൂൾ കൈകാര്യം ചെയ്യാനറിയാത്ത അധ്യാപകർക്കായി സ്കൂളിലെ രക്ഷകർത്താവ് കൂടിയായ BRC trainer ശ്രീ ബാലഗോപാലൻ സർ ട്രൈ ഔട്ട് ക്ലാസ് നടത്തുകയുണ്ടായി.






**ശ്രദ്ധ**

മലയാളം, ഇംഗ്ലീഷ് , പരിസരപഠനം, ഗണിതം തുടങ്ങി എല്ലാ മേഖലയിലും പിന്നോക്കാവസ്ഥ നേരിടുന്നവർക്കായുള്ള പരിപാടി

ഇത്തരം പരിപാടികൾ സ്കൂളിൽ നടക്കുമ്പോൾ കുട്ടികൾക്ക് വേണ്ട ലഘുഭക്ഷണമൊരുക്കൽ, അധ്യാപകർക്കൊപ്പമിരുന്ന് കുട്ടികളെ സഹായിക്കൽ, പഠനോപകരണങ്ങൾ ഒരുക്കൽ, തുടങ്ങിയ മേഖലകളിലെല്ലാം രക്ഷിതാക്കൾ സഹായിച്ചു വരുന്നു.

ശ്രദ്ധ ജില്ലാതലം ഒന്നാം സ്ഥാനം







ശനിയാഴ്ചകളിലും ക്ലാസ്സ് സമയത്തിനു ശേഷവും പ്രത്യേക ഗ്രൂപ്പുകളാക്കി ശ്രദ്ധ മോഡ്യൂളുകൾ പ്രയോജനപ്പെടുത്തികൊണ്ട് ക്ലാസുകൾ സംഘടിപ്പിച്ചു.

ഇത്തരം അവസരങ്ങളിൽ കുട്ടികളുടെ സ്നാക്കുകളും ഭക്ഷണങ്ങളും പഠനോപകരണങ്ങൾ എന്നിവ നൽകി കൊണ്ട് രക്ഷിതാക്കൾ ഒപ്പം ഉണ്ടായിരുന്നു.

Hello English

ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയത്തിൽ കൂടുതൽ പ്രാവീണ്യം കുട്ടികൾക്ക് നൽകുന്നതിനുള്ള പരിപാടി


SSK യുടെ Hello English module കൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ Online ആയും offline ആയും സംഘടിപ്പിച്ചു വരുന്നു.










2:51
0:14
2:50
1:01
1:00
1:19
2:50
2:19
NOVEMBER
1:41
1:31
1:40
2:19
1:10
2:20
1:22
1:04


Fun world of English
MEDIA
DOCS
LINKS
OCTOBER
0:57
1:09
1:14
2:31
1:40
2:46
1:13
2:50
1:06
0:24
1:23
2:01

# 2022 ജൂൺ ......പ്രവേശനോൽസവ കാഴ്ചകൾ

രണ്ടു വർഷത്തെ  നിയന്ത്രിത പഠനജീവിതത്തിനു ശേഷം സ്കൂളിലെത്തിയ കുരുന്നുകൾക്ക് വിപുലമായ വരവേൽപ്പാണ് PTA യുടെ നേതൃത്വത്തിൽ ഏർപ്പെടുത്തിയത് . പ്രവേശനോൽസവം ബഹു. എം .പി ശ്രീകണ്ഠൻ ഉത്ഘാടനം ചെയ്തു. വിശിഷ്ടാതിഥിയായി എത്തിയത് ബഹു.എം എൽ എ ശ്രീ ഷാഫി പറമ്പിൽ എം എൽ എ ആണ്.

പ്രവേശനോൽസവ കാഴ്ചകൾ



# ക്ലബ്ബ് പ്രവർത്തനങ്ങൾ

ജൂൺ മാസത്തിൽ തന്നെ എല്ലാ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തനം തുടങ്ങി.

### ശാസ്ത്രക്ലബ്ബ്

പരിസ്ഥിതിസ്ഥിനം

ശാസ്ത്രപരീക്ഷണങ്ങൾ

ചാന്ദ്രദിനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

### ഗണിതക്ലബ്ബ്

ഗണിതമേളകൾ

ഗണിത വിജയം / ഉല്ലാസഗണിതം

ഇംഗ്ലീഷ് ക്ലബ്ബ്

Hello English

ഇംഗ്ലീഷ് ഫെസ്റ്റ്

വിദ്യാരംഗം കലാസാഹിത്യ വേദി

കഥ, കവിത, ചിത്രരചന തുടങ്ങിയ വിവിധ കഴിവുകളെ പരിപോഷിപ്പിക്കുന്നു.

**ഇതു കൂടാതെ ഹെൽത്ത് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് തുടങ്ങിയവയും സ്കൂളിൽ പ്രവർത്തിക്കുന്നു.**

**ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നത് ഇത്തരം ക്ലബ്ബുകളുടെ നേതൃത്വത്തിലാണ്.**

**ക്ലബ്ബുകളുടെ നേതൃത്വത്തിൽ ക്ലാസ് ലൈബ്രറി, വായനാ കാർഡ്, പഠനോപകരണ നിർമ്മാണം, ഗണിതലാബ് സജ്ജീകരിക്കൽ എന്നിവ നടത്തി.**


ലിംഗ വിവേചനമില്ലാത്ത അറ്റൻഡൻസ് രജിസ്റ്റർ
ക്ലാസ് മുറി സജ്ജീകരണം, വായന മൂലയൊരുക്കൽ എന്നിവയിൽ കുട്ടികളുടെ താല്പര്യമനുസരിച്ച്
കുട്ടികളുടെ ജനാധിപത്യ വേദിയായി വിദ്യാലയം
ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ അവസരം
ക്ലാസ് ലീഡർ തെരെഞ്ഞെടുപ്പ്,
ഉച്ചഭക്ഷണം

# എൻഡോവ്മെന്റുകൾ

**ഓരോ വർഷവും വാർഷികാഘോഷ വേളയിൽ ബെസ്റ്റ് ഔട്ട് ഗോയിംഗ് സ്റ്റുഡന്റിനുള്ള ക്യാഷ് പ്രൈസും മൊമെന്റായും നൽകുന്നത് ഈ വിദ്യാലയത്തിൽ നിന്നും വിരമിച്ച ശ്രീമതി വത്സല ടീച്ചറാണ്.**

**എല്ലാ ക്ലാസുകളിൽ നിന്നും മിടുക്കരായ 5 കുട്ടികൾക്ക് ' Best outgoing students' നുള്ള അവാർഡ് അധ്യാപകർ നൽകുന്നു**

**മിടുക്കരായ വായനക്കാർക്കും ( വായിച്ച് മികച്ച വായനാ കുറിപ്പെഴുതുന്നയാൾക്ക് ) അക്കാദമികമായി മികച്ച് നിൽക്കുന്നവർക്കും  ബാല എസ് മേനോൻ നൽകുന്ന ക്യാഷ് പ്രൈസ് വർഷം തോറും നൽകി വരുന്നു.**







## പ്രീപ്രൈമറിയും പി റ്റി എ യും

3 + , 4 + കുട്ടികളെ വേർതിരിച്ചിരുത്തി കളിത്തോണി, കളിപ്പാട്ടം എന്നീ പുസ്തകങ്ങളുടെ സഹായത്തോടെ ആശയാവതരണ രീതിയിൽ കളികളിലൂടെയും പാട്ടിലൂടെയും അധ്യയനം നടന്നുവരുന്നു. പൂർണമായും പി റ്റി എ യുടെ സഹായത്തിലാണ് പ്രീപ്രൈമറി നടന്നു വരുന്നത്.

എണ്ണത്തിൽ വന്ന വർദ്ധനവ്

| | |
|---|---|
| 2018 - 19 | 173 |
| 2019 -20 | 232 |
| 2020-21 | 235 |
| 2021 - 22 | 341 |

കോവിഡ് കാലത്ത് online സങ്കേതങ്ങളിലുള്ള പഠനമികവ് മൂലം 2021-22 ആയപ്പോഴേക്കും 340 ഓളം കുട്ടികൾ വന്ന് ചേർന്നു. നിലവിലെ 1 അധ്യാപികയ്ക്കും 1 ആയയ്ക്കും ഇവരെ ശ്രദ്ധിക്കുവാൻ ആകാത്ത സാഹചര്യത്തിൽ PTA പുതിയതായി 4 അധ്യാപകരെയും 2 ആയമാരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. ഇവരിൽ അധ്യാപകർക്ക് 5000 രൂപയും ആയ മാർക്ക് 4000 രൂപയും വേതനമായി നൽകുന്നതും PTA ആണ്. ഇതു കൂടാതെ കുട്ടികൾക്ക് ഇരിക്കാനുള്ള

**ബെഞ്ച്, ഡെസ്ക് , പഠനോപകരണങ്ങൾ ഇരിക്കാനായി ജമുക്കാളം, പായ, തലയണ, കളിപ്പാട്ടങ്ങൾ എന്നിവ സംഘടിപ്പിച്ചു തരുന്നു.**